**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1099** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ ജലജീവൻ മിഷൻ അടക്കമുള്ള കുടിവെള്ള പദ്ധതികളുടെ പൈപ്പുകൾ ദേശീയപാതയിൽ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | ജല ജീവൻ മിഷൻ- കരിമ്പ, കോങ്ങാട്, മുണ്ടൂർ (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്കായി നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രോജക്ട് ഡിവിഷൻ പാലക്കാട് ഓഫീസിനു കീഴിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പ, കോങ്ങാട്, മുണ്ടൂർ (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി ദേശീയപാത 966 ൽ പൊന്നംകോട് ബ്രിഡ്ജ് മുതൽ മൈലംപുള്ളി ജംഗ്ഷൻ ചെയിനേജ് വരെ 111.60-123.60 12 കി.മീ. ഇരുവശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിനായി 08.07.2021 ന് റോ പോർട്ടൽ വഴി പിഡബ്ല്യൂഡി (എൻ.എച്ച്.) ന് അപേക്ഷ സമർപ്പിച്ചു. എന്നാൽ എൻ.എച്ച്.എ.ഐ. ഓഫീസിലേക്കാണ് അപേക്ഷ കൊടുക്കേണ്ടത് എന്ന് പറഞ്ഞ് അപേക്ഷ തിരിച്ചയച്ചു. അതിൻ പ്രകാരം 05.10.2021 ന് ചന്ദ്രനഗറുള്ള എൻ.എച്ച്.എ.ഐ. ഓഫീസിലേക്ക് അപേക്ഷ സമർപ്പിച്ചു. ജില്ലാകളക്ടറുടെ അധ്യക്ഷതയിലുള്ള ഡിഐസിസി മീറ്റിംഗിൽ മേൽ അപേക്ഷ പിഡബ്ല്യൂഡി (എൻ.എച്ച്.) ലേക്ക് തന്നെ വീണ്ടും സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ആയതിൻപ്രകാരം 26.10.2021 ന് റോ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ 19.08.2022 ന് വീണ്ടും റോ പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചപ്പോൾ ടി റോഡ് ഡി.എൽ.പി. പീരിയഡിൽ ആയതിനാൽ അപേക്ഷ 26.09.2022 ന് നിരസിക്കുകയും ചെയ്തു. നിലവിൽ വീണ്ടും 23.02.23 ന് റോ പോർട്ടലിൽ വഴി പിഡബ്ല്യൂഡി(എൻഎച്ച്) ഓഫീസിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ |

| | | | |
|---|---|---|---|
| | | | കേരളത്തിൽ ഉടനീളം അനുമതി ലഭ്യമാക്കേണ്ട റോഡുകളുടെ അപേക്ഷ ക്രോഡീകരിച്ച് എൻഎച്ച്എ.ഐ ക്ക് സമർപ്പിക്കുകയും അതിനെ തുടർന്ന് 27.10.23, 20.11.23 എന്നീ തിയ്യതികളിൽ പി.ഡബ്ല്യൂ.ഡി. എൻ.എച്ച്., എൻ.എച്ച്.എ.ഐ., കെ.ഡബ്ല്യൂ.എ. അധികൃതരുമായി ടി റോഡിൽ സംയുക്ത സ്ഥലപരിശോധന നടത്തുകയും 14.12.23 ന് എൻ.എച്ച്.എ.ഐ. അധികൃതർ പൈപ്പ് സ്ഥാപിക്കേണ്ട വിശദാംശങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ബീമുകൾ ലഭ്യമായ ഭാഗങ്ങളിൽ ഓപ്പൺ കട്ട് ആയും ടാർ വരുന്ന ഭാഗങ്ങളിൽ ഡക്ട് ചെയ്തും പൈപ്പ് സ്ഥാപിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡക്ട് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന 64 കോടി അധികബാധ്യത ഹെഡ് ഓഫീസിലേയ്ക്ക് അറിയിച്ചിട്ടുണ്ട്. ഡിഐഎസിസി മീറ്റിംഗുകളിലും ഉന്നതതലയോഗങ്ങളിലും പ്രസ്തുത വിഷയം ഉന്നയിച്ചിട്ടുള്ളതാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| (സി) | കോങ്ങാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി വിവരം ലഭ്യമാക്കാമോ? | (സി) | വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## <u>കോങ്ങാട് നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി</u>

<table>
<tr><th rowspan="2">ക്രമ നമ്പർ</th><th rowspan="2">പഞ്ചായത്ത്</th><th colspan="3">ഭരണാനുമതി ലഭിച്ചത്</th><th rowspan="2">കൊടുത്ത കണക്ഷനുകളുടെ എണ്ണം</th><th rowspan="2">നിലവിലെ സ്ഥിതി</th><th rowspan="2">ചെലവായ തുക ലക്ഷത്തിൽ</th></tr>
<tr><th>FHTCs</th><th>Amount in lakhs</th><th>Date</th></tr>
<tr><td>1a</td><td>കാഞ്ഞിരപ്പുഴ</td><td>1600</td><td>201</td><td>21-08-2020</td><td>1599</td><td>പ്രവൃത്തി പൂർത്തീകരിച്ചു</td><td>75.4</td></tr>
<tr><td rowspan="2">1b</td><td rowspan="2">കാഞ്ഞിരപ്പുഴ</td><td rowspan="2">4635</td><td>1640</td><td>24-12-2020</td><td rowspan="2">FHTC-1599<br>FHTC-442</td><td rowspan="2">62% പ്രവൃത്തി പൂർത്തീകരിച്ചു. 63 കിലോ മീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിൽ 58 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി 31.03.2024 ൽ പൂർത്തീകരിക്കുന്നതാണ്.</td><td rowspan="2">474.71</td></tr>
<tr><td>430.26</td><td>23-02-2022 (അധിക ഭരണാനുമതി)</td></tr>
<tr><td rowspan="2">2a</td><td rowspan="2">കരിമ്പ</td><td>400</td><td>72.94</td><td>21-08-2020</td><td>435</td><td rowspan="2">പ്രവൃത്തി പൂർത്തീകരിച്ചു</td><td>59.02</td></tr>
<tr><td>160</td><td>21</td><td>24-12-2020</td><td>177</td><td>16.1</td></tr>
</table>

| | | | | | | | |
|---|---|---|---|---|---|---|---|
| 2b | കരിമ്പ | 3701 | 3320 | 24-12-2020 | HTC-261 | ദേശിയപാത 966 ൽ പൊന്നംകോട് ബ്രിഡ്ജ് മുതൽ മൈലംപുള്ളി ജംങ്ഷൻ (ചെയിനേജ് 111.60–123.6 കിലോ മീറ്റർ) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി– എൻ.എച്ച് ൻറെ അനുമതി ലഭിക്കേണ്ടതുണ്ട്. എൻ.എച്ച്.എ.ഐ ആണ് അനുമതി ലഭിക്കേണ്ട അതോറിറ്റി എന്നു കാണിച്ച് അപേക്ഷ 27.07.2023 ന് തിരിച്ചയച്ചു. ഈ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ചാൽ മാത്രമേ കരിമ്പ, കോങ്ങാട്, മുണ്ടൂർ (ഭാഗികം) എന്നീ പഞ്ചായത്തുകളിലായി 17977 എണ്ണം ഗാർഹിക കണക്ഷൻ നൽകാൻ കഴിയുകയുള്ളൂ. 62% പ്രവൃത്തി പൂർത്തീകരിച്ചു. രണ്ട് പഞ്ചായത്തുകളിലുമായി 208 കിലോ മീറ്റർ വിതരണശൃംഖല സ്ഥാപിച്ചിട്ടുണ്ട്. | 4953.39 |
| 3 | കോങ്ങാട് | 10363 | 3320 | 24-12-2020 | HTC-2282 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 4a | തച്ചമ്പാറ | 800 | 114.13 | 21-08-2020 | | പ്രവൃത്തി പൂർത്തീകരിച്ചു | 110.41 |
| 4b | തച്ചമ്പാറ | 2735 | 1670 | 24-12-2020 | FHTC-287<br>HTC-505 | പി.ഡബ്ല്യു.ഡി 1 റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി കിട്ടാനുണ്ട്. 31.03.2024 നകം പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് 48% പ്രവൃത്തി പൂർത്തീകരിച്ചു. 70 കിലോ മീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിൽ 52 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. | 535.68 |
| | | | 209.52 | 23-02-2022 (അധിക ഭരണാനുമതി) | | | |
| 5 | കേരളശ്ശേരി | 4140 | 2148 | 24-12-2020 | | 01.08.2023 ന് പ്രവൃത്തിയുടെ എഗ്രിമെൻറ് വെച്ചിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കി പൈപ്പ് ലൈൻ സ്ഥാപിച്ച് 4140 എണ്ണം കുടിവെള്ള കണക്ഷൻ നൽകേണ്ടതുണ്ട്. 10% പ്രവൃത്തി പൂർത്തീകരിച്ചു. 31.05.2024 നകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. | |
| | | | 493.85 | 23-02-2022 (അധിക ഭരണാനുമതി) | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | മങ്കര | 3700 | 2440 | 18-09-2021 | FHTC-175<br>HTC - 2332 | പി.ഡബ്ല്യു.ഡി 2 റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി കിട്ടാനുണ്ട്. അനുമതി ലഭിച്ച റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി തുടരുന്നു. 31.03.2024 നകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. 104 കിലോ മീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിൽ 94 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. 50% പ്രവൃത്തി പൂർത്തീകരിച്ചു | 1128.53 |
| 7 | മണ്ണൂർ | 6719 | 2212<br>437.43 | 24-12-2020<br>23-02-2022 (അധിക ഭരണാനുമതി) | FHTC-772<br>HTC-2812 | പി.ഡബ്ല്യു.ഡി 2 റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി കിട്ടാനുണ്ട്. അനുമതി ലഭിച്ച റോഡുകളിൽ നിലവിലെ ഒരുമാസത്തിനകം പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 31.03.2024 നകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. 51% പ്രവൃത്തി പൂർത്തീകരിച്ചു. 122.63 കിലോ മീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിൽ 107.50 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. | 835.57 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | പറളി | 6953 | 8691.98 | 13-05-2022 | HTC-1811 | 13% പ്രവൃത്തി പൂർത്തീകരിച്ചു. ഇൻടേക്ക് വെൽ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ളിയർ വാട്ടർ പമ്പിംഗ് മെയിൻ 4 എം.എൽ.ഡി ഡബ്ല്യു.ടി.പി 11 ലക്ഷം ടാങ്ക്, ട്രാൻസ്ഫോർമർ, വിതരണശൃംഖല സ്ഥാപിച്ച് 6953 എണ്ണം ഗാർഹിക കണക്ഷൻ നൽകൽ എന്നീ പ്രവൃത്തികൾ 31.05.2024 നകം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. 192 കിലോ മീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിൽ 60 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. | |
| 9a | കാരാകുറിശ്ശി | 1800 | 422.5 | 21-08-2020 | 1635 | പ്രവൃത്തി തുടരുന്നു. പൂർത്തീകരണ തിയ്യതി 31.03.2024 | 341.02 |
| 9b | കാരാകുറിശ്ശി | 2623 | 1160 | 24-12-2020 | FHTC-1175<br>HTC-88 | 62% പ്രവൃത്തി പൂർത്തീകരിച്ചു. 65.2 കിലോ മീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിൽ 44.50 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ | 570.4 |
| | | | 281.45 | 23–02–2022 (അധിക ഭരണാനുമതി) | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 31.03.2024 നകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. | |